## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 156          11.06.2018 ൽ മറുപടിക്ക്

### പോലീസ് സേനയുടെ ശാക്തീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീമതി.വീണാ ജോർജ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സാമൂഹ്യവിരുദ്ധരെയും ഗുണ്ടകളെയും അമർച്ച ചെയ്യുന്നതിൽ പൊതുവേ പോലീസിന് വിജയിക്കാനായെങ്കിലും ഒറ്റപ്പെട്ട കേസുകളിൽ പോലീസ് ഉദ്യോഗസ്ഥർ വേണ്ടത്ര ജാഗ്രത പുലർത്താതിരിക്കുകയോ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ അവർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ; | (എ) സംസ്ഥാനത്ത് ക്രമസമാധാന പാലനത്തിലും കേസന്വേഷണത്തിലും പോലീസ് വളരെ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. പോലീസ് ഉദ്യോഗസ്ഥരുടെ ദൈനംദിന ഡ്യൂട്ടികൾ, മറ്റ് പ്രവർത്തനങ്ങൾ എന്നിവയിലുണ്ടാകുന്ന പോരായ്മകൾ ഉടൻ തിരുത്തുകയും കൃത്യനിർവ്വഹണത്തിലെ ജാഗ്രത കുറവോ വീഴ്ചയോ കണ്ടെത്തിയാൽ വകുപ്പുതല നടപടികൾ അടക്കമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകി വരുന്നുണ്ട്. |
| (ബി) പോലീസ് സേനയെ ശാക്തീകരിക്കുന്നതിനും പൊതു സ്ഥലങ്ങളിൽ സാന്നിദ്ധ്യം പ്രകടമാകുന്ന രീതിയിൽ വിന്യസിച്ച് സുരക്ഷയും സമാധാനവും ഉറപ്പുവരുത്തുന്നതിനും നടപടിയെടുക്കുമോ; | (ബി) പൊതു സ്ഥലങ്ങളിൽ പോലീസ് സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിനായി സ്റ്റേഷനുകളിലെ മൊബൈൽ പട്രോളിംഗ് ശക്തിപ്പെടുത്തിയും, ബീറ്റുകൾ നടത്തിയും, രാത്രികാല പട്രോളിംഗ് കാര്യക്ഷമമായി നടപ്പാക്കിയും, ജനമൈത്രി പോലീസ്, വനിതാ സെൽ, ട്രാഫിക് പോലീസ് എന്നിവയുടെ സഹായത്തോടെ തിരക്കേറിയ സ്ഥലങ്ങൾ, സ്കൂൾ, മാർക്കറ്റ് എന്നിവിടങ്ങളിൽ പോലീസ് സാന്നിദ്ധ്യം ഉറപ്പുവരുത്തിയും പൊതുജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് നടപടികൾ |

സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പോലീസ് സേനയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി സി.സി.ടി.എൻ.എസ് ട്രെയിനിംഗ്, ഐ.എം.ജി ട്രെയിനിംഗ്, ആയുധ പരിശീലനം, കാറ്റകിസം ക്ലാസുകൾ, കേസന്വേഷണം സംബന്ധിച്ച ക്ലാസുകൾ എന്നിവ നൽകിവരുന്നുണ്ട്.

(സി) പോലീസ് സേനയ്ക്ക് അത്യാധുനിക ഉപകരണങ്ങളും വാഹനങ്ങളും നൽകിക്കൊണ്ടും ശാസ്ത്രീയ രീതിയിലുള്ള പരിശീലനം നൽകികൊണ്ടും സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

(സി) പോലീസ് സേനക്ക് അത്യാധുനിക ഉപകരണങ്ങളും വാഹനങ്ങളും നൽകികൊണ്ടും ശാസ്ത്രീയമായ പരിശീലനം നൽകിക്കൊണ്ടും സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ വിവിധ പദ്ധതികൾ കേരളാ പോലീസ് നടപ്പിലാക്കി വരുന്നു. ക്രമസമാധാന പരിപാലനത്തിനും കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനുമായി നിരവധി അത്യാധുനിക ഉപകരണങ്ങൾ കേരളാ പോലീസിനായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ശാസ്ത്രീയ കുറ്റാന്വേഷണത്തിന്റെ ഭാഗമായി ഫോറൻസിക് ഉപകരണങ്ങൾ ആയ Fourier Transform Infrared(FTIR), Spectrometer, Advanced Equipment for Document Examination, Digital Zoom Stereo Microscope തുടങ്ങിയവ FSL ന് ലഭ്യമാക്കുകയുണ്ടായി. ശരീരത്തിൽ ധരിക്കാവുന്നതരത്തിലുള്ള അത്യാധുനിക സാങ്കേതിക വിദ്യയിലുള്ള ക്യാമറകൾ, ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറകൾ (CCTV) സ്പീഡ് റഡാർ (Speed Radar), വേഗത നിർണ്ണയ ക്യാമറകൾ (Speed Detection Camera), വെഹിക്കിൾ മൗണ്ട്സ് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (Vehicle Mounted Global Positioning System) തുടങ്ങിയവ വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്. കുറ്റവാളികളെ ശാസ്ത്രീയമായി ചോദ്യം ചെയ്യുന്നതിലേക്കായി എല്ലാ ജില്ലാ ക്രൈം ബ്രാഞ്ചുകളിലും മോഡേൺ ഇന്ററോഗേഷൻ റൂം തയ്യാറായിട്ടുണ്ട്. പോലീസ് സേനയുടെ ആധുനികവൽക്കരണവും നവീകരണവും ശാക്തീകരണവും സർക്കാരിന്റെ പ്രഖ്യാപിത

നയം ആണ്. 2016-17 സാമ്പത്തിക വർഷത്തിൽ ആധുനികവൽക്കരണ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ അനുവദിച്ചത് 53 കോടി രൂപയാണെങ്കിൽ, 2018-2019 സാമ്പത്തിക വർഷത്തിൽ ടി ധനസഹായം 166 കോടി രൂപയാക്കി ഉയർത്തിയിട്ടുണ്ട്.

ടി തുകയിൽ 39 കോടി രൂപ വാഹനങ്ങൾ വാങ്ങുന്നതിന് വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജില്ലകളിൽ നിരീക്ഷണ സംവിധാനം ശക്തമാക്കുന്നതിനും കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനുമായി 2.8 കോടി രൂപയും, ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് 4 കോടി രൂപയും, ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനങ്ങളുടെ നിലവാരം ഉയർത്തുന്നതിന് 6 കോടി രൂപയും, ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ സാങ്കേതിക വിദ്യ നടപ്പിൽ വരുത്തുന്നതിന് 7.5 കോടി രൂപയും, പരിശീലന ഘടനാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 15 കോടി രൂപയും, പുതിയ പോലീസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിന് 14.4 കോടി രൂപയും, പോലീസ് സ്റ്റേഷനുകളുടെ ഫോർട്ടിഫിക്കേഷന് 20 കോടി രൂപയും 2018-2019 സാമ്പത്തികവർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ